(ഡി) ഇല്ല.

(ഇ) ഉല്പാദന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. യൂണിറ്റുകൾക്ക് ആവശ്യമുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കുക.
2. ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുക
3. യൂണിറ്റുകളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുക
4. സർക്കാർ ഓഫീസുകൾ, മറ്റ് പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൂടുതൽ ഓർഡറുകൾ സമാഹരിക്കുക.

പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ

3 (2800)ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി. ശോഭനാജോർജ്ജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിൽ ഗവൺമെന്റ് ഉടമയിലുള്ളതും സ്വകാര്യമേഖലയിലുള്ളതും ഏതൊക്കെയാണ്;

(ബി) ഗവൺമെന്റ് ഉടമയിലുള്ള വ്യവസായശാലകൾ പാട്ടത്തിനോ വിലയ്ക്കോ നൽകിയും സ്വകാര്യ മേഖലയിലുള്ളവ പാട്ടത്തിനോ വിലയ്ക്കോ ഗവൺമെന്റിലേക്കെടുത്തും അവരുടെ പ്രവർത്തനം പുനരാരംഭിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനമായ ചാലക്കുടി റിഫ്രാക്ടറീസ് ഇപ്പോൾ പൂട്ടികിടക്കുകയാണ്. സ്വകാര്യമേഖലയിലുള്ള പൂട്ടിക്കിടക്കുന്ന വ്യവ സായ സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരം അനുബന്ധമായി നൽകുന്നു.†

(ബി)&(സി) ഗവൺമെന്റ് ഉടമയിലുള്ള ഒരു സ്ഥാപനവും പാട്ടത്തിന് കൊടുക്കുകയോ വിലയ്ക്ക് നൽകുകയോ ഡിസ്ഇൻവെസ്റ്റ് ചെയ്യുകയോ ചെയ്തില്ല. ചില ധനകാര്യ സ്ഥാപനങ്ങൾ പ്രമോട്ടർമാർ വന്നാൽ അതിന്റെ വ്യവസ്ഥകളനുസരിച്ച് അവരെ ഏല്പിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങ ളുടെ അനുമതിയും ഈ കാര്യത്തിൽ ആവശ്യമാണ്. സ്വകാര്യ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

വ്യാവസായിക വളർച്ചാനിരക്ക്

4 (2801)ശ്രീ. കെ. ബാബു :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്ത് എത്ര ശതമാനം വ്യാവസായിക വളർച്ചയാണുദ്ദേശിക്കുന്നത് ;

(ബി) വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിമൂലം പ്രസ്തുത വളർച്ചാനിരക്ക് നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പ്രതിശീർഷ വരുമാനം ദേശീയ പ്രതിശീർഷ വരുമാനത്തേക്കാൾ വളരെ കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാവസായിക പ്രതിസന്ധി പ്രതിശീർഷവരുമാനത്തെയും സാരമായി ബാധിക്കുമോ; എങ്കിൽ ഇതുമൂലം ദേശീയ സംസ്ഥാന പ്രതിശീർഷ വരുമാനങ്ങൾ തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ടോ?

ഉത്തരം

(എ) വ്യവസായം, വൈദ്യുതി നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ദ്വിതീയ മേഖലയിൽ 9.5 ശതമാനം വളർച്ചാനിരക്ക് കൈവരിക്കുന്നതിനാണ് ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സാധിക്കും.

(ഇ) ജനകീയാസൂത്രണ പദ്ധതിയുടെ ഫലമായി വൻ വികസനം നടക്കുന്നതുകൊണ്ട് വർദ്ധിക്കുമെന്നു പറയാനാവില്ല.

പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

3 (2800) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തല്ക്കാലം ഉദ്ദേശമില്ല.

(ബി) ബാധകമല്ല

പുതിയ വ്യവസായങ്ങൾ

6 (2803) ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly